## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2195

17.06.2014-ൽ മറുപടിക്ക്

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ധനരായ ഭവനരഹിതർക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിൽ ഓരോ പദ്ധതിയിലും വായ്പ തുക തിരിച്ചടവിൽ കുടിശ്ശികക്കാരായി എത്ര പേരുണ്ടെന്ന് പറയാമോ; | (ബി) എം.എൻ. ലക്ഷം വീടു പദ്ധതി തിരിച്ചടവില്ലാത്തതാകയാൽ ടി പദ്ധതി പ്രകാരം കുടിശ്ശികക്കാരായി ആരുംതന്നെ ഇല്ല. എന്നാൽ സാഫല്യം ഭവന പദ്ധതി നടപ്പിലാക്കി ഫ്ളാറ്റ് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ല. ആയതിനാൽ ടി പദ്ധതി പ്രകാരം കുടിശ്ശികക്കാരായി ഇപ്പോൾ ആരും തന്നെയില്ല. |
| (സി) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ളവരുടെയും വായ്പാ കുടിശ്ശിക എഴുതിത്തള്ളാൻ നടപടികൾ സ്വീകരിക്കുമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി

27/03/2008-ലെ (എം.എസ്) 3/08/Hsg നമ്പർ ഉത്തരവു പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണ് എം.എൻ ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി. 1972-76 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷം വീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ സബ്സിഡി വിതരണം ചെയ്തു വരുന്നു. ജനറൽ വിഭാഗത്തിന് 75,000/- രൂപയും, SC വിഭാഗത്തിന് 1 ലക്ഷം രൂപയും, ST വിഭാഗത്തിന് 1,25,000/- രൂപയുമാണ് സർക്കാർ സബ്സിഡി തുക. 10/12/2013-ലെ (സാധാ) 3034/13/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഡ്യൂപ്ലക്സ് വീടുകൾക്കു പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സിംഗിൾ യൂണിറ്റിന് 2 ലക്ഷം രൂപ വരെ ധനസഹായം നൽകാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 2007-08 മുതൽ 31/05/2014 വരെ 56 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 12812 വീടുകൾക്ക് 55.29 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

### (2) എം.എൻ. ലക്ഷംവീട് മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്ന പദ്ധതി

16/02/2012-ലെ (എം.എസ്) 13/2012/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം മേൽക്കൂര അറ്റകുറ്റപ്പണി ചെയ്യുന്നതിന് 10,000/- രൂപ സർക്കാർ സബ്സിഡിയായി അനുവദിച്ചുവരുന്നു. ടി പദ്ധതിയ്ക്കായി 2011-12-ൽ 1.5 കോടി രൂപ സർക്കാരിൽ നിന്നും അനുവദിക്കുകയും 31/03/2014 വരെ 190 വീടുകൾക്ക് 19 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 31/03/2014-ൽ അവസാനിച്ചിട്ടുള്ള ടി പദ്ധതിയുടെ നടത്തിപ്പു കാലാവധി ജി.ഒ (എം.എസ്) 15/2014/ഭവനം തീയതി 10.06.14 പ്രകാരം 31/03/2015 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

## 3. സാഫല്യം ഭവന പദ്ധതി

സമൂഹത്തിലെ ഭൂഭവന രഹിതരായ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ദുർബ്ബല വിഭാഗക്കാർക്ക് സർക്കാർ സബ്സിഡിയോടു കൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതി പഞ്ചായത്തുകളുടെ സഹകരണത്തോടെ ബോർഡ് നടപ്പിലാക്കുന്നുണ്ട്. ഫ്ളാറ്റിന്റെ നിർമ്മാണച്ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും (168 മാസതവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്), 25,000/- രൂപ സന്നദ്ധ സംഘടന/ കാരുണ്യവാന്മാരായ വ്യക്തികളുടെ വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. സാഫല്യം ഭവനപദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കാനുദ്ദേശിക്കുന്നത് പഞ്ചായത്തുകളിൽ നിന്നും ലഭ്യമാകുന്ന ഭൂമിയിലാണ്.